# നമ്മുടെ രക്ഷ ദൈവത്തിന്റെ ഒരു പ്രവൃത്തി ആണ്.

സാക് പുന്നൻ

WFTW 17 മെയ് 2015

പുതിയ നിയമത്തിൽ വിവരിച്ചിരിക്കുന്നതുപോലെ രക്ഷയ്ക്ക് മൂന്നു കാലങ്ങൾ ഉണ്ട് - ഭൂതകാലം, വർത്തമാന കാലം, ഭാവികാലം. നാം വീണ്ടും ജനിച്ചവരാണെങ്കിൽ, നാം പാപത്തിന്റെ ശിക്ഷയിൽ നിന്ന് ഇതിനോടകം രക്ഷിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ നാം ഇനി പാപത്തിന്റെ ശക്തിയിൽ നിന്ന് രക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ ഒരു നാൾ നമ്മുടെ കർത്താവ് തന്റെ മഹത്വത്തിൽ മടങ്ങി വരുമ്പോൾ, പാപത്തിന്റെ സാന്നിധ്യത്തിൽ നിന്നു തന്നെ നാം രക്ഷിക്കപ്പെട്ടും. എന്നു മാത്രമല്ല രക്ഷയുടെ ഈ ഓരോ ഘട്ടവും ദൈവത്തിന്റെ പ്രവൃത്തിയാണ്. ദൈവത്തിന്റെ വചനം വളരെ വ്യക്തമായി നമ്മോടു പറയുന്നു. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രെ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല'' (എഫെ. 2:8,9).

"രക്ഷ യഹോവയിൽ നിന്നു മാത്രമാണ് വരുന്നത്'' എന്ന് എറ്റു പറഞ്ഞപ്പോഴാണ് യോനാ മത്സ്യത്തിന്റെ വയറ്റിൽ നിന്നു വിടുവിക്കപ്പെട്ടത് (യോനാ 2:9). അടുത്ത വാക്യം പറയുന്നു. "അപ്പോൾ യഹോവ മത്സ്യത്തോട് യോനയെ കരയിലേക്കു ഛർദ്ദിക്കുവാൻ കല്പിച്ചു. യോനയ്ക്ക് തന്നെത്തന്നെ രക്ഷിക്കൻ കഴിയില്ല എന്ന് അവൻ ഏറ്റു പറയുന്നതു വരെ ദൈവം കാത്തു നിന്നു. അതുപോലെ നാമും നമ്മുടെ പാപത്തിൽ നിന്നോ ഏതെങ്കിലും പ്രയാസമുള്ള സാഹചര്യങ്ങളിൽ നിന്നോ നമ്മെ രക്ഷിക്കാൻ നമുക്കു തന്നെ കഴിയില്ല എന്നു നാം ഏറ്റു പറയുന്നതു വരെ ദൈവം ഉയരത്തിൽ കാത്തു നിൽക്കുന്നു. അനന്തരം യോനായ്ക്കു വേണ്ടി ചെയ്തതു പോലെ അവിടുന്നു നമുക്കും വിടുതൽ കല്പിക്കുന്നു. യോന ആയിരുന്നതുപോലെ വളരെ ഞെരുക്കമുള്ള ഒരു സാഹചര്യത്തിൽ നാം നമ്മത്തന്നെ കാണുമ്പോൾ, പിറുപിറുക്കുന്നതിനും പരാതിപ്പെടുന്നതിനും പകരം, ദൈവത്തിനു നന്ദി പറയാനും രക്ഷ യഹോവയിൽ നിന്നും തന്നെ വരുന്നു എന്ന് ഏറ്റു പറയാനും നാം പഠിക്കുമെങ്കിൽ മാത്രമേ വേഗത്തിൽ വിടുതൽ വരുന്നതു കാണുകയുള്ളു.

രക്ഷ എന്നത് സ്വയം മെച്ചപ്പെടുത്തുന്ന ഒരു പരിപാടിയല്ല. നമ്മുടെ പുറമെ വ്യത്യാസം ഉണ്ടാക്കാൻ മാത്രമെ അതിനു കഴിയുകയുള്ളു. ദൈവത്തിന്റെ പ്രവൃത്തി നമ്മുടെ അകം വ്യത്യാസപ്പെടുത്തുന്നു.

മനുഷ്യന് ഒരിക്കലും ഒരു കാര്യത്തിലും മഹത്വമെടുക്കാൻ പറ്റാത്ത വിധത്തിലാണ് ദൈവം പ്രവർത്തിക്കുന്നത്. പാപത്തിൽ നിന്നും പൂർണ്ണമായ ഒരു രക്ഷ നമുക്കനുഭവിക്കണമെങ്കിൽ, നമുക്കു ദൈവം നൽകിയിരിക്കുന്ന, പാപത്തിന്റെ മേലുള്ള ജയമുൾപ്പെടെ, ദൈവം നമുക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യത്തിലും നാം പുകഴ്ചയെടുക്കുന്നതിൽ നിന്നു നാം രക്ഷിക്കപ്പെടണം. നാം എത്ര കണ്ട് ചെറുതാകുന്നുവോ (നമ്മുടെ കണ്ണുകളിൽ) "ദൈവരാജ്യത്തിലേക്കു ധാരാളമായി പ്രവേശനം ലഭിക്കാൻ'' (സൂചിക്കുഴയുടെ) (2 പത്രൊ. 1:11). അത്രകണ്ട് എളുപ്പമാണ്. നാം നമ്മുടെ ദൃഷ്ടിയിൽ യഥാർത്ഥത്തിൽ ചെറുതാണ് എന്നതിന്റെ തെളിവ് നാം ഒരിക്കലും മറ്റൊരു മനുഷ്യനെയും നിന്ദിക്കുകയില്ല എന്നുള്ളതാണ് - അയാളുടെ മതമേതായാലും, സഭാവിഭാഗം ഏതായാലും അല്ലെങ്കിൽ (നമുക്കു മനസ്സിലായിട്ടുള്ള സത്യങ്ങളിൽ) അയാൾക്കുള്ള വെളിച്ചത്തിന്റെ കുറവ് എത്ര ആയിരുന്നാലും. ഏറ്റവും മോശമായ ഒരു മനുഷ്യനെ കാണുമ്പോൾ പോലും, നാം നമ്മോടു തന്നെ പറയും "ദൈവത്തിന്റെ കൃപ ഇല്ലായിരുന്നെങ്കിൽ ഞാൻ അങ്ങനെ ആകുമായിരുന്നു.''

യേശു എപ്പോഴും തന്നെപ്പറ്റി പരാമർശിച്ചത് "മനുഷ്യപുത്രൻ'' എന്നാണ് - മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരു സാധാരണ മനുഷ്യൻ. എല്ലാ സമയത്തും. നാം നമ്മെ തന്നെ തിരിച്ചറിയേണ്ടതും ഈ വിധത്തിൽ തന്നെയാണ്. നാം പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുവിക്കപ്പെട്ടെങ്കിൽ, അതു നമുക്കു തന്നത് ദൈവത്തിന്റെ കരുണ മാത്രമാണ്. നാം ഇപ്പോൾ പാപത്തിന്റെ ശക്തിയിൽ നിന്നു രക്ഷിക്കപ്പെട്ടിരിക്കുന്നെങ്കിൽ അതും നമുക്കു സൌജന്യമായി നൽകപ്പെട്ടിരിക്കുന്ന ദൈവകൃപയുടെയും കരുണയുടെയും ഫലമാണ്. അതുകൊണ്ട് നമുക്കു പുകഴാൻ എന്താണുള്ളത്? ഒന്നുമില്ല. ഒരുദാഹരണം നോക്കാം. നിങ്ങൾ പെയിന്റ് ചെയ് തിട്ടുള്ള മനോഹരമായ ഒരു വർണ്ണ ചിത്രം മറ്റുള്ളവർ പ്രശംസിക്കുകയാണെങ്കിൽ, നിങ്ങളുടെ കൃത്യനിർവ്വഹണത്തിൽ അഹങ്കരിക്കുവാൻ നിങ്ങൾ പ്രലോഭിപ്പിക്കപ്പെട്ടേക്കാം. എന്നാൽ മറ്റാരെങ്കിലും

ചിത്രരചന നടത്തിയിട്ടുള്ളതിനെ അവർ പ്രശംസിക്കുമ്പോൾ അതിൽ അഹങ്കരിക്കുവാനുള്ള പ്രലോഭനം നിങ്ങൾക്കെങ്ങനെ ഉണ്ടാകും? ദൈവം നമ്മുടെ ജീവിതത്തിൽ പൂർത്തീകരിച്ച നമ്മുടെ രക്ഷയുടെ പ്രവൃത്തിയുടെ കാര്യത്തിലും ഈ ഉദാഹരണം നമുക്ക് ഉപയോഗിക്കാം. നമ്മെ മെച്ചപ്പെടുത്തിയതും, വിശുദ്ധീകരിച്ചതും നാം തന്നെയാണെങ്കിൽ, അപ്പോൾ നമുക്ക് അതിനെക്കുറിച്ച് അഹങ്കരിക്കാം. എന്നാൽ ദൈവമാണ് ആ പ്രവൃത്തി നമ്മിൽ ചെയ്തതെങ്കിൽ, അപ്പോൾ നമുക്ക് എങ്ങനെയാണ് എപ്പോഴെങ്കിലും അതിൽ അഹങ്കരിക്കാൻ കഴിയുന്നത്?

നമ്മുടെ "വിശുദ്ധീകരണത്തിന്റെ'' ഗുണ നിലവാരം എന്താണ്? അത് സന്മാർഗ്ഗികത മെച്ചപ്പെടുത്തുന്ന ഒരു പ്രവൃത്തി മാത്രമാണോ? അങ്ങനെയാണെങ്കിൽ, ദൈവികമായോ അമാനുഷികമായോ ഒന്നുംതന്നെ നാം നമ്മുടെ ജീവിതത്തിൽ അനുഭവിച്ചിട്ടില്ല, എന്നാൽ ഏതോരു മനുഷ്യനും അല്പമൊരു നിശ്ചയദാർഢ്യത്തോടെ ചെയ്യാൻ കഴിയുന്നതു മാത്രമെ നാം ചെയ്തിട്ടുള്ളു. എന്നാൽ ദൈവത്തിന്റെ ഒരു യഥാർത്ഥ പ്രവൃത്തിയാണ് നമ്മുടെ ജീവിത്തിൽ നടന്നിട്ടുള്ളതെങ്കിൽ, അതിനാൽ നമുക്കു നിത്യജീവൻ (ദൈവത്തിന്റെ പ്രകൃതം) നൽകപ്പെട്ടിരിക്കുന്നു - അതു ദൈവത്തിന്റെ സൌജന്യദാനത്തിന്റെ ഫലമാണെങ്കിൽ, അപ്പോൾ തന്നെ എല്ലാ പ്രശംസകളും തള്ളിക്കളയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ പാപത്തിന്റെ മേലുള്ള വിജയത്തിന്മേൽ നിങ്ങൾ പുകഴുകയാണെങ്കിൽ, അപ്പോൾ അതു നിങ്ങൾ തന്നെ നിർമ്മിച്ചെടുത്തിട്ടുള്ളതായിരിക്കണം! ആ സ്ഥിതിയിൽ നിങ്ങളുടെ വിജയം ഉപയോഗശൂന്യവും തീർച്ചയായും യഥാർത്ഥമല്ലാത്തതും ആണ്. എത്രയും വേഗം നിങ്ങൾ അതു ദൂരെ എറിഞ്ഞു കളയുന്നോ അത്രയും നല്ലത്. അതിനു പകരം ദിവ്യസ്വഭാവത്തിന്റെ പങ്കാളിയാകുന്ന കാര്യം അന്വേഷിക്കുക. തന്റെ സ്വന്തനീതി അന്വേഷിക്കുവാനല്ല താൻ ആഗ്രഹിക്കുന്നത്, എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ഉണ്ടാകുന്ന ദൈവത്തിൽ നിന്നു വരുന്ന (ദൈവത്താൽ ഉൽപാദിപ്പിക്കപ്പെടുന്ന) നീതി തന്നെ ആഗ്രഹിക്കുന്നു എന്ന് പൌലൊസ് പറയുന്നു (ഫിലി. 3:9).

റോമർക്കെഴുതിയ ലേഖനത്തിൽ സുവിശേഷ സന്ദേശത്തിന്റെ പുരോഗതി അധ്യായങ്ങൾ തോറും നമുക്കു കാണാം. ഇവിടെ ഇതാ ആദ്യത്തെ ചില അദ്ധ്യായങ്ങളുടെ ചുരുങ്ങിയ ഒരു രേഖാരൂപം:

- അധ്യായം 1-3 - മനുഷ്യനിർമ്മിതമായ പരമാർത്ഥതയിലുള്ള കുറ്റം.

- അധ്യായം 4 - വിശ്വാസത്താലുള്ള നീതീകരണം (ദൈവത്താൽ നീതിമാനായി പ്രഖ്യാപിക്കപ്പെടുക .

- അധ്യായം 5 - ക്രിസ്തുവിന്റെ രക്തത്തിലൂടെ ഇപ്പോൾ നമുക്കു ദൈവത്തിന്റെ സന്നിധിയിലേക്ക് ഉള്ള പ്രവേശനത്തിന് സ്വാതന്ത്ര്യം ഉണ്ട്.

- അധ്യായം 6 - നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, അതുകൊണ്ട് നാം ഇനിമേൽ പാപം ചെയ്യേണ്ട ആവശ്യമില്ല.

- അധ്യായം 7 - നാം ന്യായപ്രമാണത്തിൽ നിന്നും ക്രിസ്തീയ ജീവിതത്തിനോട് ഉള്ള നിയമപരമായ മനോഭാവത്തിൽ നിന്നും നാം സ്വതന്ത്രമാണ്.

- അധ്യായം 8 - ഇപ്പോൾ നമുക്ക് ആത്മാവിൽ ജീവിക്കുവാനും നമ്മുടെ മോഹങ്ങളെ ദിനംതോറും മരണത്തിനേൽപിക്കുവാനും നമുക്കു കഴിയും.

അങ്ങനെയുള്ള ഒരു രക്ഷയുടെ ഫലം "നാം ക്രിസ്തുവിൽ ജയാളികളെക്കാൾ മികച്ചവരാണ്'' എന്നതാണ് (റോമ. 8:37). ഏതുവിധമായാലും ഇതിന്റെ എല്ലാം അവസാനമുള്ള ഒരു അപകടം, ഈ രക്ഷയുടെ പ്രവൃത്തി നമ്മുടെ സ്വന്തം പൂർത്തീകരണമാണെന്നു നമുക്കു സങ്കല്പിക്കാൻ കഴിയും എന്നാണ്. അതുകൊണ്ടു രക്ഷ തുടക്കം മുതൽ ഒടുക്കം വരെ ദൈവപ്രവൃത്തിയാണെന്ന് വിശദീകരിക്കുന്ന മനോഹരമായ മൂന്ന് അധ്യായങ്ങൾ റോമർ എട്ടിനെത്തുടർന്നു നമുക്കുണ്ട്. ഈ അധ്യായങ്ങൾ (റോമർ 9-11) പ്രാഥമികമായ പഴയ ഉടമ്പടിയുടെ കീഴിലായിരുന്ന യിസ്രയേലുമായുള്ള ദൈവത്തിന്റെ ഇടപെടലുകളെക്കുറിച്ചുള്ള പരാമർശമാണെങ്കിലും, ഇന്ന് നമ്മുടെ ജീവിതങ്ങളിൽ ഈ സത്യങ്ങൾ പ്രായോഗികമാക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു.